GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/10/2026

1. റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ കർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. 2026-ൽ പരമ്പരാഗത മേഖലയിൽ കൃഷിചെയ്തവർക്ക് കേന്ദ്രസർക്കാരിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ നവംബർ 6 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ് സൈറ്റിലെ ഇ- സർവീസസ് മെനു വഴി ലോഗിൻ ചെയ്യുക വേണം

അപേക്ഷകൾ സമർപ്പിക്കാൻ. ഹെക്ടറിന് 40,000 രൂപയാണ് ധനസഹായനിരക്ക്. റബ്ബറുത്പാദകസംഘങ്ങളിലെ സമൂഹസംസ്കരണശാലകളുടെ നവീകരണത്തിനും മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമാണത്തിനും നിലവിലുള്ള സമൂഹസംസ്കരണശാലകളിൽ കൂടുതൽ പുകപ്പുരകൾ നിർമിക്കുന്നതിനുമുള്ള സാമ്പത്തികസഹായം, റബ്ബർപാൽ ശേഖരണത്തിനും ഡി.ആർ.സി. പരിശോധിക്കുന്നതിനുമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം, കാർഷിക യന്ത്രവത്കരണത്തിനായി സ്പ്രേയറുകളും ഡസ്റ്ററുകളും വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം റബ്ബറുത്പാദകസംഘങ്ങൾ. സ്വയം സഹായ ഗ്രൂപ്പുകൾ (SHGs), റബ്ബർ ടാപ്പേഴ്സ് ഗ്രൂപ്പുകൾ (RTGs). ലേബർ ഗ്രൂപ്പുകൾ (LGs) തുടങ്ങിയവയുടെ രൂപവത്കരണത്തിനുള്ള സാമ്പത്തികസഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ 'സർവ്വീസ് പ്ലസ്' പോർട്ടലിലൂടെ നവംബർ 13 വരെ സമർപ്പിക്കാവുന്നതാണ്. റെയിൻഗാർഡിങ്, സ്പ്രേയിങ് എന്നിവയ്ക്കുള്ള പദ്ധതികൾ പ്രകാരം സാമ്പത്തികസഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 30 വരെ നീട്ടി. വിശദവിവരങ്ങൾ റബ്ബർബോഡിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോഡ് റീജണൽ ഓഫീസുകൾ, ഫീൽഡ്

സ്റ്റേഷനുകൾ, റബ്ബർബോർഡ് കോൾസെന്റർ നമ്പറായ 0481-2576622 എന്നീവയുമായി ബന്ധപ്പെടാം.

2. കേരള കാർഷിക സർവകലാശാലയുടെയും സാമൂഹിക സുരക്ഷാ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന 6 മാസത്തെ സൗജന്യ ഹോട്ടികൾച്ചറൽ തെറാപ്പി പരിശീലന കോഴ്സിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഒക്ടോബർ 29. 18 വയസിനു മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അപേക്ഷിക്കാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിന സ്റ്റൈപ്പന്റും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 7306195043, 7306465654 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന *"Introduction to Generative AI"* എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **നവംബർ 6** ന് ആരംഭിക്കുന്നു. നവംബർ 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം.

ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **നവംബർ 6** മുതൽ യൂസർ ഐ. ഡി.യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരവികസന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 30, 31 തീയതികളിൽ സുരക്ഷിതമായ പാൽ ഉൽപ്പാദനം എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഒക്ടോബർ 28 ന് വൈകുന്നേരം 5 മണിക്ക് മുൻപായി പരീശീലന കേന്ദ്രത്തിൽ നേരിട്ടോ ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ എത്തുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0471- 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഒക്ടോബർ 30,31** തീയതികളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം കണ്ണൂരിൽ വച്ച് പരിശീലന പരിപാടി

സംഘടിപ്പിക്കുന്നു. കൂടുൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പറിൽ ബന്ധപ്പെടുക.